**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഫിച്ച് റേറ്റിംഗും സംസ്ഥാന സമ്പദ്‌വ്യവസ്ഥയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യാന്തര റേറ്റിങ് ഏജൻസിയായ ഫിച്ച് കേരളത്തിന്റെയും കിഫ്ബിയുടെയും റേറ്റിംഗ് കുറച്ചത് സംസ്ഥാനത്തിന്റെ വായ്പകളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ കടമെടുപ്പിന്റെ ഭൂരിഭാഗവും ആഭ്യന്തര വിപണിയിൽ നിന്നാണ്. ഉയർന്ന റിട്ടേൺ ലഭിക്കുന്നതും കൂടാതെ റിസ്ക് ഫ്രീ ആയതിനാലും ഇതിന്റെ ഉപഭോക്താക്കൾ വാണിജ്യ ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും പെൻഷൻ ഫണ്ടുകാരും ആയതിനാലും ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് റിവിഷൻ നിക്ഷേപകരെ സ്വാധീനിക്കുവാൻ സാധ്യതയില്ല. ടി സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടപ്പത്രങ്ങൾക്ക് പലിശ വർദ്ധിക്കാൻ ഇടയാകില്ല എന്നാണ് പ്രതീക്ഷിക്കുന്നത്. ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് അനുസരിച്ച് അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വായ്പയെടുപ്പിനെ പ്രതികൂലമായി ബാധിക്കുവാനുള്ള സാദ്ധ്യത കുറവാണ്. ഇതിന് കാരണം അത്തരത്തിലുള്ള വായ്പാ ശേഖരണം കേന്ദ്ര സർക്കാരിന്റെ സോവറിൻ ഗ്യാരന്റിയിന്മേലാണ് സ്വീകരിക്കുന്നത് എന്നതാണ്. |
| (ബി) | റേറ്റിങ് ഏജൻസിയായ ഫിച്ചിന്റെ നടപടി സംസ്ഥാനത്തിന്റെ കടപ്പത്രങ്ങൾക്ക് പലിശ വർദ്ധിക്കാൻ ഇടയാകുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ കടമെടുപ്പിന്റെ ഭൂരിഭാഗവും ആഭ്യന്തര വിപണിയിൽ നിന്നാണ്. ഉയർന്ന റിട്ടേൺ ലഭിക്കുന്നതും കൂടാതെ റിസ്ക് ഫ്രീ ആയതിനാലും ഇതിന്റെ ഉപഭോക്താക്കൾ വാണിജ്യ ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും പെൻഷൻ ഫണ്ടുകാരും ആയതിനാലും ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് റിവിഷൻ നിക്ഷേപകരെ സ്വാധീനിക്കുവാൻ സാധ്യതയില്ല. ടി സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടപ്പത്രങ്ങൾക്ക് പലിശ വർദ്ധിക്കാൻ ഇടയാകില്ല എന്നാണ് പ്രതീക്ഷിക്കുന്നത്. ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് അനുസരിച്ച് അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വായ്പയെടുപ്പിനെ പ്രതികൂലമായി ബാധിക്കുവാനുള്ള സാദ്ധ്യത കുറവാണ്. ഇതിന് |

| | | | |
|---|---|---|---|
| | | | കാരണം അത്തരത്തിലുള്ള വായ്പാ ശേഖരണം കേന്ദ്ര സർക്കാരിന്റെ സോവറിൻ ഗ്യാരന്റിയിന്മേലാണ് സ്വീകരിക്കുന്നത് എന്നതാണ്. |
| (സി) | സംസ്ഥാനത്തിന്റെ മൊത്തം കടം നാല് ലക്ഷം കോടിയിലേക്ക് അടുക്കുന്നതും സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നതുമാണ് രാജ്യാന്തര റേറ്റിങ് ഏജൻസിയായ ഫിച്ച് കേരളത്തിന്റെയും കിഫ്ബിയുടെയും റേറ്റിങ് കുറച്ചതിനുള്ള കാരണം എന്നത് വസ്തുതയാണോ; എങ്കിൽ വെളിപ്പെടുത്തുമോ? | (സി) | അന്താരാഷ്ട്ര വിപണിയിൽ നിലനിൽക്കുന്ന ആസന്നമായ സാമ്പത്തിക മാന്ദ്യത്തെക്കുറിച്ചുള്ള ഭീതിയുടെ പശ്ചാത്തലത്തിൽ രാജ്യങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും റേറ്റിംഗ് ഇടിയുന്ന പ്രവണത നിലനിൽക്കുന്നതിന്റെയും സമീപ കാലങ്ങളിൽ സംസ്ഥാനം നേരിട്ട അതിതീവ്രമായ പ്രകൃതിക്ഷോഭങ്ങളുടെയും കോവിഡ് മഹാമാരിയുടെയും അടിസ്ഥാനത്തിൽ വേണം ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് പരിഷ്കാരം വിലയിരുത്തേണ്ടത്. കേന്ദ്ര ധനകാര്യ കമ്മീഷനുകളുടെ ശിപാർശയുടെ വെളിച്ചത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന പരിധിക്കുള്ളിൽ നിന്ന് മാത്രമേ സർക്കാരിന് കടമെടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കടം ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന ആക്ഷേപത്തിൽ കഴമ്പില്ല. അതേസമയം, പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സംസ്ഥാന വരുമാനത്തെയും ആഭ്യന്തര ഉത്പാദനത്തെയും പ്രതികൂലമായി ബാധിച്ചുവെന്നത് വസ്തുതയാണ്. |

സെക്ഷൻ ഓഫീസർ